സെൻട്രൽ ജയിലിൽ കഴിയുന്ന ലാം തവണ കരുതൽ തടങ്കലിലാ



തൃക്കാക്കര ഭാരതമാത കോളജ് യൂണിയൻ രൂപകൽപന ചെയ്ത 'അസ്പെയർ ബൈ ആഗ്നേയ' ആപ്പിന്റെ ഉദ്ഘാടനം നടൻ ആന്റണി വർഗീസ് നിർവഹിക്കുന്നു. സംവിധായകൻ സുധി മാഡിസൺ, മഹിമ നമ്പ്യാർ, നീരജ് മാധവ്, പ്രിൻസിപ്പൽ കെ.എം.ജോൺസൺ, അവതാരകൻ മാത്തുക്കുട്ടി തുടങ്ങിയവർ സമീപം.

# മുൻകാല ചോദ്യപേപ്പറുകൾ 'ആപ്പിലാക്കി' ഭാരതമാത

കാക്കനാട് ● എംജി സർവകലാശാലയിലെ എല്ലാ മുൻകാല പരീക്ഷകളുടെയും ചോദ്യപേപ്പറുകൾ ലഭ്യമാക്കുന്ന 'അസ്പെയർ ബൈ ആഗ്നേയ' മൊബൈൽ ആപ്ലിക്കേഷൻ ഒരുക്കി ഭാരതമാത കോളജ് യൂണിയൻ. സർവകലാശാലയുടെയും വിവിധ കോളജുകളുടെയും സൈറ്റുകളിൽ നിന്നും ലൈബ്രറികളിൽ നിന്നും ശേഖരിക്കുന്ന പഴയകാല ചോദ്യപേപ്പറുകൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണു ലക്ഷ്യം.

പ്ലേ സ്റ്റോറിൽ ആപ് ലഭ്യമാണെങ്കിലും പൂർണ വിവരങ്ങൾ കിട്ടാൻ ഏതാനും നാളുകൾ കൂടി വേണ്ടിവരുമെന്ന് നേതൃത്വം നൽകിയ കംപ്യൂട്ടർ സയൻസ് വിദ്യാർഥികളായ ആഞ്ചലോ സെബി, എസ്.ആർ.വിജയകൃഷ്ണൻ എന്നിവർ പറഞ്ഞു. ആപ്പിന്റെ ലോഞ്ചിങ് സിനിമാ പ്രവർത്തകരായ നീരജ് മാധവ്, ആന്റണി വർഗീസ്, മഹിമ നമ്പ്യാർ എന്നിവർ ചേർന്നു നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ.കെ.എം.ജോൺസൺ അധ്യക്ഷത വഹിച്ചു.

മലയാള മനോരമ 26/8/23